

# വികാരിയിൽ നിന്ന് ...

31-12-2018

## ദൈവനാമം മഹത്വപ്പെടട്ടെ

കർത്താവിൽ വാത്സല്യം ഉള്ളവരെ,

2018 ചരിത്രത്തിൻെറ ഭാഗമായിക്കഴിഞ്ഞു. ജീവിതത്തിൽ ദിനരാത്രങ്ങൾ, ആഴ്ചകൾ, മാസങ്ങൾ, വർഷങ്ങൾ വൃക്ഷത്തിൻെറ ഇലകൾ കണക്കേ കൊഴിഞ്ഞു വീഴുമ്പോൾ പുറകോട്ട് തിരിഞ്ഞു നോക്കി നഷ്ടത്തിൻെറ കണക്കെടുക്കുന്നതിൽ ഒരു കാര്യമില്ല. പിന്നയോ സർവ്വശക്തൻെറ കരം പിടിച്ച് ജീവിതത്തെ പ്രത്യാശയോടെ നയിക്കാൻ ശ്രദ്ധിക്കണം. ഉള്ളതിൽ നാം തൃപ്തിപ്പെടാനും നമുക്കുള്ളത് പങ്കുവെയ്ക്കാനും ശ്രമിച്ചാൽ ജീവിതം സുന്ദരമാകും. അമിതമായ ആഗ്രഹങ്ങളും, താൽപര്യങ്ങളും ജീവിതത്തെ നിരാശയിലേക്ക് നയിക്കാൻ ഇടയാക്കും. എന്നാൽ ദൈവകരങ്ങളിലേക്ക് എല്ലാം സമർപ്പിച്ച് ഏൽപിച്ച് കൊടുത്താൽ ദിവ്യസമാധാനം നമുക്ക് അനുഭവിക്കാൻ കഴിയും. ചിലത് സ്വീകരിക്കുവാനും ചിലത് ഉപേക്ഷിക്കുവാനും തയാറായാൽ നാം നന്മയുള്ളവരാകും. വിദ്വേഷവും, വെറുപ്പും, പകയും, വഞ്ചനയും, സ്വാർത്ഥതയും, കാപട്യവും ഉപേക്ഷിച്ചാലെ ദൈവാത്മാവ് നമ്മിൽ പ്രവർത്തിക്കു. പുതിയ വർഷം ഏവർക്കും നന്മയും സന്തോഷവും, ഐശ്വര്യവും, സമൃദ്ധിയും നേരുന്നു. കഴിഞ്ഞ നാളുകളിൽ നടത്തിയ ദൈവത്തിനു ഹൃദയത്തിൻെറ ആഴത്തിൽ നിന്നും നന്ദിയും സ്തുതിയും അർപ്പിക്കാം.

പല തിരക്കുകളുടെ മധ്യത്തിലും ക്രിസ്തുമസ് കരോൾ സർവീസ്, ഭവനങ്ങൾ തോറുമുള്ള കരോൾ, വർഷാന്ത്യ പുതുവൽസര ശുശ്രൂകളും ദൈവ കൃപ കൊണ്ടും ഏവരുടെയും സാന്നിധ്യം കൊണ്ടും അനുഗ്രഹകരമായി തീർന്നു എന്നത് ഓർത്ത് ദൈവത്തെ സ്തുതിക്കുന്നു. അഭിവന്ദ്യ ഗീവർഗീസ് മാർ തിയോഡോഷ്യസ് എപ്പിസ്കോപ്പയുടെ സാന്നിധ്യവും, ഡോ.ഗീവർഗ്ഗിസ് മാർ യൂലിയോസ് മെത്രാപ്പോലിത്തായുടെ ക്രിസ്തുമസ് സന്ദേശവും ഏവർക്കും അനുഗ്രഹമായി ഭവിച്ചു എന്നതിൽ തർക്കമില്ല. പുതിയ വർഷത്തിൽ നമുക്കും നമ്മുടെ പ്രീയപ്പെട്ടവർക്കും എന്തെല്ലാം പ്രതിസന്ധികൾ നേരിടേണ്ടിവരുമെന്ന് അറിയില്ല. അനിശ്ചിതമായ ഏത് പ്രതിസന്ധിയുടെ നടുവിലും കരുണാമയനായ ദൈവം നമ്മുടെ കൂടെ ഉണ്ടായിരിക്കും. യഹോവയിൽ ആശ്രയിക്കുന്നവർ കുലുങ്ങതെ സീയോൻപർവ്വതം പോലെ ഉറച്ച് നിൽക്കും. ആശ്രയിക്കാൻ കൊള്ളാവുന്ന ഈ അരുമനാഥൻ ഒരുനാളും നമ്മളെ കൈവിടുകയില്ല. സകല ഭാരവും, ആശങ്കകളും, സങ്കടങ്ങളും, ആകുലതകളും കർത്താവിൻെറ കരങ്ങളിൽ ഏൽപിക്കാം. അവനിൽ ശരണം വയ്ക്കാം. അവനിൽ ആശ്രയിക്കാം. അവൻ നമ്മെ പുലർത്തുന്നവനും, പരിപാലിക്കുവാനും മതിയായവനും ആകുന്നു എന്നത് മറക്കരുത്.

ജനുവരി മാസം സഭയുടെ പഞ്ചാംഗം അനുസരിച്ച് ഒന്നാം ആഴ്ച കർത്താവിൻെറ സ്നാനം എന്നതാണ് ചിന്താവിഷയം(ദനഹാ). കർത്താവിനോടു കൂടെ മരിച്ച് അടക്കപ്പെട്ട്, ഉയർത്തെഴുന്നേറ്റു ജീവിക്കുന്ന അനുഭവം ആണ് സ്നാനം. സഭയോടു ചേരുവാൻ, വീണ്ടും ജനനത്തിലൂടെ രക്ഷയിൽ വളരുവാൻ സ്നാനം ആവശ്യമാണ്. കർത്താവിനോടു കൂടെ വളർന്ന് ആത്മാവിൽ പക്വത പ്രാപിപ്പാൻ നമുക്ക് ഓരോരുത്തർക്കും ഇടയാകണം. രണ്ടാം

ആഴ്ച ലഹരിവിമോചന ദിനമായി വേർതിരിച്ചിരിക്കുന്നു. ദൈവത്തിൻെറ മന്ദിരമായ മനുഷ്യശരീരത്തെ ലഹരിപദാർത്ഥങ്ങളുടെ ഉപയോഗം മൂലം നാം നശിപ്പിക്കുകയാണ് ചെയ്യുന്നത്. ലഹരിപദാർത്ഥങ്ങളുടെ ഉപയോഗം പൂർണമായി ഇല്ലാതാക്കാൻ നമുക്ക് കഴിയണം. നമ്മുടെ കഴിവും, ബുദ്ധിയും, പണവും ഇല്ലായ്മ ചെയ്യുന്ന ലഹരിപദാർത്ഥങ്ങൾ പുതിയ വർഷത്തിൽ ഉപയോഗിക്കില്ല എന്ന് ദൃഢപ്രതിജ്ഞ ചെയ്യണം.

മൂന്നാം ആഴ്ച എക്യുമെനിക്കൽ ദിനം(ഐക്യകൂട്ടായ്മ ദിനം) ആയിട്ടാണ് വേർതിരിച്ചിരിക്കുന്നത്. കർത്താവ് തലയും, സഭ ശരീരവും നാം ഓരോരുത്തരും അവയവങ്ങളും ആകുന്നു. സാമ്പത്തികവും, സാമൂഹികവും, ആത്മീയവും ആയ നല്ല ബന്ധങ്ങൾ, ഇതരസഭകളുമായി ഉണ്ടാവേണ്ടത് ഏറ്റവും അനിവാര്യമാണ്, കാലഘട്ടത്തിൻെറ ആവശ്യമാണ്.

നാലാം ആഴ്ച സഭ ചിന്തിക്കുന്നത് അനുതാപം എന്ന വിഷയം ആണ്. അനുതാപം ഇല്ലാതെ മാനസാന്തരം ഇല്ല. മാനസാന്തരം ഇല്ലാതെ രക്ഷയുടെ അനുഭവം സാദ്ധ്യമല്ല. രക്ഷ ദൈവത്തിൻെറ ദാനം, കൃപയാലല്ലോ വിശ്വാസം മൂലം നാം ഓരോരുത്തരും രക്ഷിക്കപ്പെട്ടിരിക്കുന്നത് എന്ന് പൗലോസ് അപ്പോസ്തലൻ നമ്മെ പഠിപ്പിക്കുന്നു. എല്ലാം ദൈവത്തിൻെറ ദാനമാണെന്ന് നാം എപ്പോഴും ഓർക്കേണ്ടതാണ്. പുതിയ വർഷത്തിൻെറ ഈ ആദ്യ നാളുകളിൽ നാം മാനസാന്തരപ്പെട്ട്, പുതുക്കപ്പെട്ട് .മനസ്സ് പുതുക്കി രൂപാന്തരപെട്ട് ജീവിക്കണം.

ജനുവരി 4,11,18,25 തീയതികളിലാണ് നമ്മുടെ ആദ്യഫല പെരുന്നാൾ. എല്ലാ വകകളും, പണം, കഴിവ്, സമയം എന്നിവയെല്ലാം ദൈവത്തിനു കാഴ്ചയായി നാം സമർപ്പിക്കണം. എല്ലാവരും വളരെ ആത്മാർത്ഥമായി സഹകരിക്കണം. ആദ്യഫലപെരുന്നാളിൻെറ തുകയുടെ നേർപകുതി നമ്മുടെ ഇടവകയുടെ കെട്ടിടനിർമ്മാണ ഫണ്ടിലേക്ക് കരുതൽശേഖരം ആയിട്ടാണ് വേർതിരിക്കുന്നത്. കൂടാതെ 25–ാം തീയതി വെള്ളിയാഴ്ച്ച "ഗോൾഡൻ ഡേ" ആയിട്ടാണ് നാം ആഘോഷിക്കുന്നത്. വരുമാനമുള്ള എല്ലാവരും ഏറ്റവും കുറഞ്ഞത് ഒരു ഗ്രാം സ്വർണ്ണം എങ്കിലും നൽകി ഈ സംരഭത്തെ വിജയിപ്പിക്കണം. ഇതിൽ നമ്മുടെ ആത്മാർത്ഥമായ പ്രാർത്ഥനയും സഹകരണവും അത്യന്താപേക്ഷിതമാണ്. ദൈവം ആണ് നമുക്ക് എല്ലാ ആത്മീയവും ഭൗതീകവുമായ അനുഗ്രഹങ്ങൾ നൽകിയിട്ടുള്ളത്. ദൈവം നമ്മെ സമൃദ്ധിയിലേക്ക് നയിക്കും. നാം പ്രാപ്തിപോലെയും, പ്രാപ്തിക്ക് മീതെയും നൽകാൻ കടപ്പെട്ടവരാണ്. എല്ലാം ദൈവം തന്നതാണെന്നും, ദൈവത്തിനു എല്ലാം തിരിച്ചെടുക്കാൻ കഴിവുണ്ടെന്നും നാം വിസ്മരിക്കരുത്. പുതിയ വർഷത്തിൽ ധാരാളമായി സമൃദ്ധിയും, അനുഗ്രഹങ്ങളും, സന്തോഷവും ദൈവം നമുക്ക് ഓരോരുത്തർക്കും നൽകട്ടെ എന്ന് ആത്മാർത്ഥമായി പ്രാർത്ഥിച്ചുകൊണ്ട് നിർത്തട്ടെ.

*Wish You all A Happy &*
*Prosperous Blessed New Year 2019*

എന്ന്, നിങ്ങളുടെ ഇടവക വികാരി.


**റവ. ജോർജ് യോഹന്നാൻ**
ഫോൺ. 39732763,17250630
rev.georgeyohannan@gmail.com